പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3336   11.05. 2017 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ കരാർ തൊഴിലാളികൾ

ചോദ്യം

ശ്രീ.ആർ.രാമചന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിൽ കരാർ തൊഴിലാളികളെ മസ്ദൂർ തസ്തികയിൽ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ നിയമിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്; | (എ) ഉണ്ട്. 14 ജില്ലകളിലായി 1486 ഒഴിവുകളാണ് PSC – ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) ഇത്തരത്തിൽ നിയമിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്; | (ബി) തിരുവനന്തപുരം ലേബർ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരെ suitability test/ Interview/ ശാരീരിക ക്ഷമത പരിശോധന എന്നീ നടപടിക്രമങ്ങൾ KPSC മുഖാന്തിരം പൂർത്തീകരിച്ച് communal rotation തത്വങ്ങൾക്ക് വിധേയമായി നിയമനത്തിന് പരിഗണിക്കുന്നതാണ്. കെ.എസ്.ഇ.ബി ലിമിറ്റഡിൽ മസ്ദൂർ നിയമനത്തിനുള്ള ബോർഡ് ഉത്തരവിലെ മാനദണ്ഡങ്ങൾ ഈ നിയമനത്തിനും ബാധകമാണ്. എന്നാൽ ഉയർന്ന പ്രായപരിധിയിലും വിദ്യാഭ്യാസ യോഗ്യതയിലും ഇളവനുവദിച്ചിട്ടുണ്ട്. |
| (സി) കരാർ ജീവനക്കാരെ നിയമിക്കുന്നതിന് പ്രത്യേക അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ? | (സി) ഉണ്ട്. ID 27/2002 കേസിലെയും അനുബന്ധ കോടതി ഉത്തരവുകളിലെയും വ്യവസ്ഥകൾ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ 15.12.2004-ൽ ഉണ്ടായിരുന്നതും തുടർന്നുള്ള അഞ്ചു വർഷങ്ങളിൽ ഉണ്ടാകുന്നതുമായ ഒഴിവുകളുടെ 25% ആണ് കരാർ ജീവനക്കാരുടെ നിയമനത്തിനായി നീക്കിവച്ചിട്ടുള്ളത്. അപ്രകാരം കണക്കാക്കപ്പെട്ട 1486 ഒഴിവുകളാണ് (ജില്ല തിരിച്ചുള്ളവ) PSC-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ